2013-14 വർഷം മണ്ണാർക്കാട് യൂണിറ്റിലെ യാർഡ് വികസിപ്പിക്കുന്നതിനായി 30 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. 2015-16 വർഷം പാലക്കാട് ഡിപ്പോയിൽ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ടി കാലയളവിൽ കെ.എസ്.ആർ.ടി.സി. നവീകരണത്തിനായി പാലക്കാട് ജില്ലയിൽ 1.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ

264 (1969) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായി എന്ന് അറിയിക്കുമോ ?

ഉത്തരം

2015 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 2015 ജൂൺ മാസത്തിലെ പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെയുള്ള കാലയളവിലെ പെൻഷൻ പരമാവധി 15000 രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന തുക കുടിശ്ശികയാണ്.

കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടേയും വർക്ക്ഷോപ്പുകളുടേയും നവീകരണം

265 (1970) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടേയും വർക്ക് ഷോപ്പുകളുടെയും നവീകരണം, പുതിയ ബസ് സ്റ്റേഷനുകളുടെ നിർമ്മാണം, ആധുനിക ഗാരേജുകളുടെ നിർമ്മാണം എന്നിവയ്ക്കായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 17.32 കോടി രൂപ നീക്കി വച്ചിരുന്നതു വിനിയോഗിച്ച് നടപ്പിലാക്കിയ എല്ലാ പ്രവൃത്തികളുടേയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

17.32 കോടി രൂപ അനുവദിച്ചതിൽ 6 കോടി രൂപ ചുവടെ പറയുന്ന ജില്ലകൾക്കു വേണ്ടിയുള്ള പ്രവൃത്തികൾക്കായി ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ബാക്കി ഇക പ്ലാൻ ഫണ്ട് പ്രകാരം അനുവദിച്ച പ്രവൃത്തികൾക്കായി നീക്കിവച്ചിട്ടുണ്ട്.

1. തിരുവനന്തപുരം :

ചീഫ് ഓഫീസ്, പാപ്പനംകോട് സെൻട്രൽ വർക്ക്സ്, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, വെഞ്ഞാറമൂട്, കിളിമാനൂർ, കണിയാപുരം, തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, പാലോട്, ആര്യനാട്, പൂവാർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

2. കൊല്ലം :

ഓച്ചിറ, കളത്തുപ്പുഴ, കൊട്ടാരക്കര എന്നീ യൂണിറ്റുകളിലെ നിർമ്മാണ/ നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

3. പത്തനംതിട്ട :

പത്തനംതിട്ട, പന്തളം, പമ്പ, അടൂർ, ചെങ്ങന്നൂർ എന്നീ യൂണിറ്റുകളിലെ നിർമ്മാണ/ നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

4. ആലപ്പുഴ :

ചേർത്തല, ഹരിപ്പാട്, മാവേലിക്കര റീജയണൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

5. കോട്ടയം :

വൈക്കം ഡിപ്പോയിൽ സ്ത്രീകളുടെ വിശ്രമസങ്കേതവും ടോയ്ലെറ്റും നിർമ്മിക്കുന്ന പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

6. എറണാകുളം :

കുത്താട്ടുകുളം, ആലുവ, തേവര, റീജിയണൽ വർക്ക്ഷോപ്പ് ആലുവ, കോതമംഗലം, മൂവാറ്റുപുഴ എന്നീ ഡിപ്പോകളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ.

LIBRARY ARCHIVES Kerala Legislative Assembly

7. ഇടുക്കി :

കുമളി, മൂന്നാർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ.

8. തൃശ്ശൂർ :

തൃശ്ശൂർ, വടക്കാഞ്ചേരി, ചാലക്കുടി, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നീ ഡിപ്പോകളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

9. പാലക്കാട് :

മണ്ണാർക്കാട്, പാലക്കാട് എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

10. മലപ്പുറം :

പൊന്നാനി, നിലമ്പൂർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

11. വയനാട് :

കൽപ്പറ്റ ഡിപ്പോയിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

12. കോഴിക്കോട് :

റീജയണൽ വർക്ക്ഷോപ്പിലെ നവീകരണ പ്രവൃത്തികൾ/അറ്റകുറ്റപ്പണികൾ

13. കണ്ണൂർ :

തലശ്ശേരി, പയ്യന്നൂർ എന്നിവിടങ്ങളിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റപ്പണികൾ.

14. കാസർഗോഡ് :

കാസർഗോഡ് ഡിപ്പോയിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ, അറ്റകുറ്റ പണികൾ.

LIBRARY ARCHIVES Kerala Legislative Assembly